വെളിച്ചം സൗദി ഓൺലൈൻ ഖുർആൻ പഠന പദ്ധതി

മൂന്നാം ഘട്ടം

സൂറതുൽ മുഅ്മിനൂൻ, സൂറതുന്നൂർ

ക്യാമ്പയിൻ – 2

സൂറത്തുൽ മുഅ്മിനൂൻ 23 മുതൽ 44 വരെ

2021 ജൂലൈ 03 മുതൽ ജൂലൈ 16 വരെ

GET IT ON Google Play

Velicham Online

velichamonline.islahiweb.org

സൗദി ഇന്ത്യൻ ഇസ്‌ലാഹി സെന്റർ

facebook.com/velichamsaudionline youtube.com/velichamsaudionline

Saudi Indian Islahi Center

ഓൺലൈൻ വെളിച്ചം
അന്താരാഷ്ട്ര ഖുർആൻ പഠന പദ്ധതി

വെളിച്ചം സൗദി ഓൺലൈൻ

മൂന്നാംഘട്ടം – ഷെഡ്യൂൾ

സൂറത്തുകൾ	:	സൂറതുൽ മുഅ്മിനൂൻ, സൂറതുന്നൂർ
ആകെ ക്യാമ്പയിനുകൾ	:	12 + 2 റിവിഷനുകൾ
ക്യാമ്പയിൻ കാലാവധി	:	2021 ജൂൺ 18 മുതൽ ഡിസംബർ 31 വരെ
മൂന്നാംഘട്ടം ഗ്രാന്റ് ഫിനാലെ	:	2021 ഡിസംബർ 31, വെള്ളി

ക്യാമ്പയിൻ	സൂറ:	ആയത്തുകൾ	ആയത്തുകൾ (എണ്ണം)	തഫ്സീർ പേജുകൾ	പേജുകൾ (എണ്ണം)	കാലാവധി
# 1	മുഅ്മിനൂൻ	1-22	22	3153-3164	12	ജൂൺ 18- ജൂലായ് 02
# 2	മുഅ്മിനൂൻ	23-44	22	3165-3175	11	ജൂലായ് 03-16
# 3	മുഅ്മിനൂൻ	45-61	17	3175-3182	8	ജൂലായ് 17-31
# 4	മുഅ്മിനൂൻ	62-77	16	3183-3190	8	ആഗസ്റ്റ് 1-16
# 5	മുഅ്മിനൂൻ	78-100	23	3191-3199	9	ആഗസ്റ്റ് 17-31
# 6	മുഅ്മിനൂൻ	101-118 + വ്യാഖ്യാനക്കുറിപ്പ്	18	3200-3215	16	സെപ്റ്റംബർ 01-15
# 7	നൂർ	1-10	10	3217-3230	14	സെപ്റ്റംബർ 16 - 30
# 8	നൂർ	11-20	10	3230-3242	13	ഒക്ടോബർ 01 - 16
# 9	നൂർ	21-29	9	3242-3253	12	ഒക്ടോബർ 17 - 31
# 10	നൂർ	30-40	11	3254-3275	22	നവംബർ 01-15
# 11	നൂർ	41-57	17	3276-3287	12	നവംബർ 16-30
# 12	നൂർ	58-64	7	3287-3303	17	ഡിസംബർ 01-16
റിവിഷൻ 1	മുഅ്മിനൂൻ	1-118 + വ്യാഖ്യാനക്കുറിപ്പ്	118	3153-3215	64	ഡിസംബർ 17-21
റിവിഷൻ 2	നൂർ	1-64	64	3217-3303	90	ഡിസംബർ 22-26
ഗ്രാന്റ് ഫിനാലെ			182		154	ഡിസംബർ 31

ശ്രദ്ധിക്കുക :–

1. അനിവാര്യ സന്ദർഭങ്ങളിൽ അല്ലാതെ ഷെഡ്യൂളിൽ നൽകിയ ദിവസങ്ങളിൽ മാറ്റങ്ങൾ ഉണ്ടാകുന്നതല്ല.
2. ഒരു ക്യാമ്പയിനിൽ 15 ചോദ്യങ്ങൾ വീതവും റിവിഷനിൽ 10 ചോദ്യങ്ങൾ വീതവും ആയിരിക്കും.
3. ആകെയുള്ള 12 ക്യാമ്പയിനുകളിലായി 180 ചോദ്യങ്ങളും, 2 റിവിഷനുകളിലായി 20 ചോദ്യങ്ങളും കൂടി 200 ചോദ്യങ്ങൾ പ്രാഥമിക റൗണ്ടിൽ ഉണ്ടായിരിക്കും. ഗ്രാന്റ് ഫിനാലെ ചോദ്യങ്ങളുമായി ബന്ധപ്പെട്ട നിർദ്ദേശങ്ങൾ പിന്നീട് നൽകുന്നതാണ്.
4. മൂന്നാംഘട്ടം ഗ്രാന്റ് ഫിനാലെയിൽ നിന്ന് സമ്മാനാർഹരെ നിശ്ചയിക്കുമ്പോൾ പ്രാഥമിക റൗണ്ടിൽ ലഭിച്ച മാർക്ക് കൂടി പരിഗണിക്കുന്നതായിരിക്കും.

വിഭാഗം - 2

﴿23﴾ നൂഹിനെ, നാം അദ്ദേഹത്തിന്റെ ജനതയുടെ അടുക്കലേക്ക് അയക്കുകയുണ്ടായി; എന്നിട്ട്,

وَلَقَدْ أَرْسَلْنَا نُوحًا إِلَىٰ قَوْمِهِۦ فَقَالَ
يَٰقَوْمِ ٱعْبُدُوا۟ ٱللَّهَ مَا لَكُم مِّنْ إِلَٰهٍ

غَيْرُهُۥٓ ۚ أَفَلَا تَتَّقُونَ ﴿٢٣﴾

അദ്ദേ ഹം പറഞ്ഞു: എന്റെ ജനങ്ങളേ! നിങ്ങൾ അല്ലാഹുവിനെ (മാത്രം) ആരാധിക്കുവിൻ; നിങ്ങൾക്ക് അവനല്ലാതെ യാതൊരു ഇലാഹും [ആരാധ്യനും] ഇല്ല; അതിനാൽ നിങ്ങൾ സൂക്ഷിക്കുന്നില്ലേ !?

فَقَالَ ٱلْمَلَؤُا۟ ٱلَّذِينَ كَفَرُوا۟ مِن قَوْمِهِۦ مَا هَٰذَآ إِلَّا بَشَرٌ مِّثْلُكُمْ يُرِيدُ أَن يَتَفَضَّلَ عَلَيْكُمْ وَلَوْ شَآءَ ٱللَّهُ لَأَنزَلَ مَلَٰٓئِكَةً مَّا سَمِعْنَا بِهَٰذَا فِىٓ ءَابَآئِنَا ٱلْأَوَّلِينَ ﴿٢٤﴾

《24》 അപ്പോൾ, അദ്ദേഹത്തിന്റെ ജനങ്ങളിൽ നിന്ന് അവിശ്വസി ച്ചവരായ പ്രമുഖ സംഘം പറഞ്ഞു : (ജനങ്ങളേ!)ഇവൻ നിങ്ങളെപ്പോലെ യുള്ള ഒരു മനുഷ്യനെ ന്നല്ലാതെ (മറ്റൊന്നും) അല്ല; തനിക്ക് നിങ്ങ ളുടെ മേൽ ശ്രേഷ്ഠത ലഭിക്കുവാൻ അവൻ ഉദ്ദേശിക്കുകയാണ്. അല്ലാഹു ഉദ്ദേശിച്ചിരുന്നുവെങ്കിൽ അവൻ മലക്കുകളെ(ത്തന്നെ) ഇറക്കുമാ യിരുന്നു. നമ്മുടെ പൂർവ്വികന്മാരായ പിതാക്കളിൽ നാം ഇതിനെപ്പറ്റി കേട്ടിട്ടില്ല.

إِنْ هُوَ إِلَّا رَجُلٌۢ بِهِۦ جِنَّةٌ فَتَرَبَّصُوا۟ بِهِۦ حَتَّىٰ حِينٍ ﴿٢٥﴾

《25》 ഇവൻ, ഭ്രാന്തുള്ള ഒരു പുരുഷൻ എന്നല്ലാതെ (ഒന്നും)അല്ല. ആകയാൽ, അവനെ സംബന്ധിച്ച് കുറച്ചുകാലംവരെ നിങ്ങൾ കാത്തിരി ക്കുവിൻ!

《23》وَلَقَدْ أَرْسَلْنَا തീർച്ചയായും നാം അയക്കുകയുണ്ടായി نُوحًا നൂഹിനെ إِلَىٰ قَوْمِهِ
തന്റെ ജനതയിലേക്ക് فَقَالَ എന്നിട്ട് അദ്ദേഹം പറഞ്ഞു يَاقَوْمِ എന്റെ ജനങ്ങളേ اعْبُدُوا اللَّهَ
നിങ്ങൾ അല്ലാഹുവിനെ ആരാധിക്കുവിൻ مَالَكُمْ നിങ്ങൾക്കില്ല مِنْ إِلَٰهٍ ഒരു ഇലാഹും,
ആരാധ്യനും غَيْرُهُ അവനല്ലാതെ أَفَلَا تَتَّقُونَ അതിനാൽ നിങ്ങൾ സൂക്ഷിക്കുന്നില്ലേ
《24》فَقَالَ الْمَلَأُ അപ്പോൾ പ്രമുഖസംഘം(പ്രധാനികളായവർ) പറഞ്ഞു الَّذِينَ كَفَرُوا
അവിശ്വസിച്ചവരായ مِنْ قَوْمِهِ തന്റെ ജനയിൽ നിന്ന് مَاهَٰذَا ഇവനല്ല إِلَّا بَشَرٌ ഒരു
മനുഷ്യനല്ലാതെ مِثْلُكُمْ നിങ്ങളെപ്പോലെയുള്ള يُرِيدُ അവൻ ഉദ്ദേശിക്കുന്നു أَنْ يَتَفَضَّلَ
അവന് ശ്രേഷ്ഠത ലഭിക്കുവാൻ, അവൻ ശ്രേഷ്ഠനാകുവാൻ عَلَيْكُمْ നിങ്ങളുടെമേൽ
وَلَوْ شَاءَ اللَّهُ അല്ലാഹു ഉദ്ദേശിച്ചിരുന്നുവെങ്കിൽ لَأَنْزَلَ അവൻ ഇറക്കുക തന്നെ ചെയ്തി
രുന്നു مَلَائِكَةً മലക്കുകളെ مَاسَمِعْنَا നാം കേട്ടിട്ടില്ല بِهَٰذَا ഇതിനെപ്പറ്റി فِي آبَائِنَا നമ്മുടെ
പിതാക്കളിൽ الْأَوَّلِينَ പൂർവ്വീകരായ 《25》إِنْ هُوَ ഇവനല്ല, അവനല്ല إِلَّا رَجُلٌ ഒരു

പുരുഷനല്ലാതെ بِهِۦ جِنَّةٌ അവനിൽ ഭ്രാന്തുണ്ട്(അങ്ങിനെയുള്ള) فَتَرَبَّصُوا۟ അതുകൊണ്ട് നിങ്ങൾ കാത്തിരിക്കുവിൻ, പ്രതീക്ഷിച്ചുകൊള്ളുവിൻ, بِهِۦ അവനെ സംബന്ധിച്ച് حَتَّىٰ حِينٍ കുറച്ചു കാലം വരെ.

കുറേ കഴിയുമ്പോൾ അവൻ ഈ പുതിയ സംരംഭത്തിൽ നിന്ന് മടങ്ങിക്കൊള്ളും, അല്ലെങ്കിൽ മരണപ്പെട്ടുപോകുകയോ മറ്റോ ചെയ്യും. അപ്പോൾ അവനെക്കൊണ്ടുള്ള ശല്യം നമുക്ക് നീങ്ങികിട്ടും. അത്വരെ ക്ഷമിക്കുക എന്നർത്ഥം. മേൽകണ്ട സംഭാഷണങ്ങൾ പെട്ടെന്ന് ഒരിക്കൽ നടന്ന സംഭവമല്ല. 950 കൊല്ലത്തോളം നൂഹ് നബി (അ) അദ്ദേഹത്തിന്റെ ജനതയെ സത്യദീനിലേക്ക് - തൗഹീദിലേക്ക് -ക്ഷണിച്ചുകൊണ്ടിരുന്നിട്ട് അവരിൽ നിന്നുണ്ടായ മറുപടിയുടെ രത്നച്ചുരുക്കമാണത്. അങ്ങനെ, അവരിൽ നിന്ന് യാതൊരു നന്മയും പ്രതീക്ഷിക്കുവാനില്ലെന്ന് അദ്ദേഹത്തിന് ബോധ്യമായി. അദ്ദേഹം അല്ലാഹുവിന്റെ രക്ഷക്ക് വേണ്ടി പ്രാർത്ഥിക്കുകയായി :-

قَالَ رَبِّ ٱنصُرْنِى بِمَا كَذَّبُونِ ﴿٢٦﴾

《26》 അദ്ദേഹം പറഞ്ഞു: എന്റെ റബ്ബേ! ഇവർ എന്നെ വ്യാജമാക്കി യിരിക്കുന്നത് കൊണ്ട് നീ എന്നെ സഹായിക്കേണമേ!

فَأَوْحَيْنَآ إِلَيْهِ أَنِ ٱصْنَعِ ٱلْفُلْكَ بِأَعْيُنِنَا وَوَحْيِنَا فَإِذَا جَآءَ أَمْرُنَا وَفَارَ ٱلتَّنُّورُ ۙ فَٱسْلُكْ فِيهَا مِن كُلٍّ زَوْجَيْنِ ٱثْنَيْنِ وَأَهْلَكَ إِلَّا مَن سَبَقَ عَلَيْهِ ٱلْقَوْلُ مِنْهُمْ ۖ وَلَا تُخَـٰطِبْنِى فِى ٱلَّذِينَ ظَلَمُوٓا۟ ۖ إِنَّهُم مُّغْرَقُونَ ﴿٢٧﴾

《27》 അപ്പോൾ അദ്ദേഹത്തിന് നാം (ഇങ്ങിനെ) വഹ്‌യ് നൽകി : നമ്മുടെ നോട്ടത്തിലും, നമ്മുടെ ബോധനമ നുസരിച്ചും നീ കപ്പൽ പണിയുക: എന്നിട്ട് നമ്മുടെ കല്പന വരുകയും, അടുപ്പ് (ഉറവുപൊട്ടി) ഒഴുകുകയും ചെയ്താൽ-

അപ്പോൾ എല്ലാ വസ്തുവിൽ നിന്നും ഈരണ്ട് ഇണകളെയും നിന്റെ ആൾക്കാരെയും അതിൽ പ്രവേശിപ്പിച്ചുകൊള്ളുക - അവരിൽ യാതൊരു കൂട്ടരുടെമേൽ മുമ്പ് (ശിക്ഷയുടെ)വാക്ക് കഴിഞ്ഞി രിക്കുന്നുവോ അവരൊഴികെ - (അവരെ പ്രവേശിപ്പിക്കരുത്)

അക്രമം ചെയ്തിട്ടുള്ളവരുടെ കാര്യത്തിൽ, നീ എന്നെ അഭിമുഖീ കരിക്കരുത്; നിശ്ചയമായും അവർ മുക്കിനശിപ്പിക്കപ്പെടുന്നവരാകുന്നു.

فَإِذَا ٱسْتَوَيْتَ أَنتَ وَمَن مَّعَكَ عَلَى ٱلْفُلْكِ فَقُلِ ٱلْحَمْدُ لِلَّهِ ٱلَّذِى نَجَّىٰنَا مِنَ ٱلْقَوْمِ ٱلظَّٰلِمِينَ ﴿٢٨﴾

《28》 അങ്ങനെ, നീയും നിന്റെ കൂടെയുള്ളവരും കപ്പലിൽ കയറി ശരിപ്പെട്ടാൽ, നീ പറയുക: അക്രമകാരികളായ ജനങ്ങളിൽ നിന്ന് ഞങ്ങളെ രക്ഷപ്പെടുത്തിയ അല്ലാഹുവിന്ന് സർവ്വസ്തുതിയും!

وَقُل رَّبِّ أَنزِلْنِى مُنزَلًا مُّبَارَكًا وَأَنتَ خَيْرُ ٱلْمُنزِلِينَ ﴿٢٩﴾

《29》 എന്റെ റബ്ബേ! അനുഗ്രഹീതമായ ഒരു താവളത്തിൽ, എന്നെ നീ ഇറക്കിത്തരേണമേ, നീ ഇറക്കിത്തരുന്നവരിൽ ഏറ്റവും ഉത്തമനാണല്ലോ! എന്നും പറയുക.

إِنَّ فِى ذَٰلِكَ لَءَايَٰتٍ وَإِن كُنَّا لَمُبْتَلِينَ ﴿٣٠﴾

《30》 നിശ്ചയമായും അതിൽ (ആ സംഭവത്തിൽ) പല ദൃഷ്ടാന്തങ്ങളുമുണ്ട്; നിശ്ചയമായും, നാം പരീക്ഷിക്കുന്നവരാകുന്നു.

《26》قَالَ അദ്ദേഹം പറഞ്ഞു رَبِّ انْصُرْنِي എന്റെ റബ്ബേ എന്നെ സഹായിക്കണേ, രക്ഷിക്കണേ بِمَا كَذَّبُونِ അവർ എന്നെ വ്യാജമാക്കി(കളവാക്കി)യതുകൊണ്ട്. 《27》 فَأَوْحَيْنَا അപ്പോൾ നാം വഹ്‌യ് നൽകി إِلَيْهِ അദ്ദേഹത്തിന് أَنِ اصْنَعِ നീ പണിയുക, (ഉണ്ടാക്കുക) എന്ന് الْفُلْكَ കപ്പൽ بِأَعْيُنِنَا നമ്മുടെ നോട്ടത്തിൽ, ദൃഷ്ടിയിൽ وَوَحْيِنَا നമ്മുടെ വഹ്‌യനുസരിച്ചും فَإِذَا جَاءَ എന്നിട്ട് വന്നാൽ أَمْرُنَا നമ്മുടെ കൽപന وَفَارَ ഒഴുകുകയും (പൊട്ടി ഒഴുകുകയും)ചെയ്താൽ التَّنُّورُ അടുപ്പ് فَاسْلُكْ അപ്പോൾ നീ പ്രവേശിപ്പിക്കുക فِيهَا അതിൽ مِنْ كُلٍّ എല്ലാ വസ്തുവിൽ നിന്നും زَوْجَيْنِ اثْنَيْنِ ഈരണ്ട് ഇണകളെ وَأَهْلَكَ നിന്റെ ആൾക്കാരെയും, സ്വന്തക്കാരെയും إِلَّا مَنْ ഒരു കൂട്ടരൊഴികെ سبق മുമ്പ് കഴിഞ്ഞിരിക്കുന്നു عَلَيْهِ അവരുടെമേൽ, അവരെ സംബന്ധിച്ച് الْقَوْلُ വാക്ക് مِنْهُمْ അവരിൽ നിന്ന് وَلَا تُخَاطِبْنِي നീ എന്നെ അഭിമുഖീകരിക്കരുത് (എന്നോട് പറയരുത്) فِي الَّذِينَ യാതൊരു കൂട്ടരിൽ (അവരുടെ കാര്യത്തിൽ) ظَلَمُوا അക്രമം പ്രവർത്തിച്ചിട്ടുള്ള إِنَّهُمْ നിശ്ചയമായും അവർ مُغْرَقُونَ മുക്കി നശിപ്പിക്കപ്പെടുന്നവരാണ്, മുക്കപ്പെടുന്നവരാണ് 《28》 فَإِذَا اسْتَوَيْتَ അങ്ങനെ നീ ശരിപ്പെട്ടുകഴിഞ്ഞാൽ أَنْتَ നീയും وَمَنْ مَعَكَ നിന്റെ കൂടെയുള്ളവരും عَلَى الْفُلْكِ കപ്പലിൽ (കയറി) فَقُلِ അപ്പോൾ നീ പറയുക الْحَمْدُ സർവ്വസ്തുതിയും لِلَّهِ അല്ലാഹുവിനാണ് الَّذِي نَجَّانَا നമ്മെ രക്ഷപ്പെടുത്തിയവനായ مِنَ الْقَوْمِ ജനങ്ങളിൽ നിന്ന് الظَّالِمِينَ അക്രമികളായ 《29》 നീ പറയുകയും ചെയ്യുക رَبِّ എന്റെ റബ്ബേ أَنْزِلْنِي നീ എന്നെ ഇറക്കിത്തരേണമേ مُنْزَلًا ഒരു താവളത്തിൽ, ഇറങ്ങുന്ന ഒരു സ്ഥലത്ത്, ഒരു ഇറക്കിത്തരൽ مُبَارَكًا അനുഗൃഹീതമായ, ആശീർവദിക്കപ്പെട്ട وَأَنْتَ

നീയാകട്ടെ, നീ خَيْرُ الْمُنْزِلِينَ ഇറക്കിത്തരുന്നവരിൽ ഉത്തമനുമാണ്. ﴾30﴿ إِنَّ فِي ذَٰلِكَ നിശ്ചയമായും അതിലുണ്ട് لَآيَاتٍ പല ദൃഷ്ടാന്തങ്ങൾ وَإِن كُنَّا നിശ്ചയമായും നാം ആകുന്നു لَمُبْتَلِينَ പരീക്ഷിക്കുന്നവർ

കപ്പൽ നിർമിക്കേണ്ടുന്ന വിധം എങ്ങിനെയാണെന്ന് അല്ലാഹു നൂഹ് നബി(അ)ക്ക് അറിയിച്ചുകൊടുത്തിരുന്നു. അദ്ദേഹത്തിന് അത് മുമ്പ് പരിചയമില്ലല്ലോ. കപ്പൽ പണിതുകൊണ്ടിരിക്കുമ്പോൾ,അവിശ്വാസികൾ അദ്ദേഹത്തെ പരിഹസിച്ചു കൊണ്ടിരുന്നതായി സൂറത്ത് ഹൂദിൽ (38ൽ) പറഞ്ഞിട്ടുണ്ട്. അല്ലാഹുവിന്റെ നിർദേശത്തോടും, പ്രത്യേക കാവലോടും കൂടി ഉണ്ടാക്കുക എന്നാണ് നമ്മുടെ ബോധനമനുസരിച്ചും നോട്ടമനുസരിച്ചും കപ്പൽ പണിയുക എന്ന് പറഞ്ഞതിന്റെ താൽപര്യം. അടുപ്പ് ഒഴുകി എന്ന അർത്ഥം കൊടുത്തത് فارالتنور എന്ന വാക്യത്തിനാണ്. فار എന്ന ക്രിയക്ക് കവിഞ്ഞൊഴുകി, കിളറി, വമിച്ചു, പൊട്ടിഒഴുകി എന്നൊക്കെ അർത്ഥം വരാം. تنور എന്നാൽ, ചൂള, അടുപ്പ്, അപ്പക്കൂട് (അപ്പച്ചൂള) എന്നും അർത്ഥം. ഈ വാക്യത്തിന് ഒന്നിലധികം സാരം കൽപിക്കപ്പെട്ടു കാണാം. അടുപ്പിൽ കൂടി ഉറവുപൊട്ടി ഒഴുകിയാൽ എന്ന സാരമാണ് അധിക വ്യാഖ്യാതാക്കളും നൽകുന്നത്. ഭൂമുഖം ഉറവുപൊട്ടി ഒഴുകിയാൽ എന്നും ചിലർ സാരം കൽപിക്കുന്നു. യുദ്ധം മൂർദ്ധന്യത്തിലെത്തി എന്ന ഉദ്ദേശ്യത്തിൽ حمي الوطيس(അടുപ്പ് പതച്ചു) എന്നു പറയാറുണ്ട്.ഇത്പോലെ, കാര്യം ഗൗരവത്തിലെത്തിയാൽ എന്നഅർത്ഥത്തിൽ പ്രയോഗിച്ചതാണ് ഈ വാക്യമെന്ന് വേറെചില വ്യാഖ്യാതാക്കളും പറയുന്നു. വാസ്തവത്തിൽ ഈ മൂന്ന് അഭിപ്രായവും താല്പര്യത്തിൽ വ്യത്യസ്തങ്ങളല്ല.കാരണം;: ജലപ്രളയത്തിന്റെ ലക്ഷണം കണ്ടുതുടങ്ങിയാൽ അപ്പോൾ കപ്പലിൽ കയറിക്കൊള്ളണമെന്നാണ് ഈ മൂന്ന് വ്യാഖ്യാനവും കാണിക്കുന്നത്. ഭൂമിയിൽ ഒന്നായി ഉറവ പൊടിയുകയോ, ആകാശത്ത് നിന്ന് അതിവർഷമുണ്ടാകുകയോ ചെയ്യുമ്പോൾ, ഭൂമുഖവും അടുപ്പും വെള്ളം വമിക്കുകയും, കാര്യം ഗൗരവത്തിലെത്തുകയും ചെയ്യുമെന്ന് വ്യക്തമാണല്ലോ. കപ്പലിൽ കയറേണ്ടുന്ന സമയത്തിന് ഒരു പ്രത്യേക അടയാളമായി നിശ്ചയിക്കപ്പെട്ടിരുന്നതാണ് അടുപ്പിൽ നിന്നും ഉറവുപൊടിയൽ എന്നും ചിലർ പറഞ്ഞുകാണുന്നു. الله اعلم

എല്ലാ ജീവികളിൽ നിന്നും ഈരണ്ട് ഇണകൾ ഓരോ ആണും പെണ്ണും-വീതവും, തന്റെ ആൾക്കാരായ സത്യവിശ്വാസികളെയും കപ്പലിൽ കയറ്റിക്കൊള്ളുവാൻ നൂഹ് നബിയോട് അല്ലാഹു കൽപിച്ചു. അദ്ദേഹത്തിൽ വിശ്വസിച്ചവർ വളരെ കുറച്ചാളുകൾ മാത്രമായിരുന്നുവെന്നും, തന്റെ ഒരു മകനും ഭാര്യയും അവിശ്വാസികളുടെ കൂട്ടത്തിലായിരുന്നുവെന്നും ക്വുർആൻ വ്യക്തമാക്കിയിട്ടുണ്ട്. ശിക്ഷക്ക് പാത്രങ്ങളാണെന്ന് മുമ്പേ നിശ്ചയിക്കപ്പെട്ട അവിശ്വാസികളെപ്പറ്റിയാണ് إِلَّا مَن سَبَقَ عَلَيْهِ الْقَوْلُ (മുമ്പ് വാക്ക് കഴിഞ്ഞുപോയവരൊഴികെ) എന്ന് പ്രസ്താവിച്ചത്. അക്രമം ചെയ്തിട്ടുള്ളവരുടെ കാര്യത്തിൽ നീ എന്നെ അഭിമുഖീകരിക്കരുത് എന്ന് പറഞ്ഞതും അവരെപ്പറ്റിതന്നെ. അവർക്ക് രക്ഷ നൽകുവാൻ അപേക്ഷിക്കരുതെന്ന് സാരം. കപ്പലിൽ, അദ്ദേഹത്തിന്റെ മക്കളായ സാം, ഹാം, യാഫേഥ് (سام، حام، يافث) എന്നിവരും, അവരുടെ ഭാര്യമാരും, തന്റെ ഒരു ഭാര്യയും അടക്കം ആകെ 80 പേരാണുണ്ടായിരുന്നതെന്നും, പിന്നീടുള്ള മനുഷ്യരെല്ലാം ഇവരുടെ സന്തതികളായി

പിറന്നവരാണെന്നും ഇബ്നു അബ്ബാസ് (റ) പ്രസ്താവിച്ചതായി നിവേദനം ചെയ്യപ്പെട്ടിരിക്കുന്നു. الله اعلم

ജലപ്രളയം അവസാനിക്കുകയും, അവിശ്വാസികൾ നശിക്കുകയും ചെയ്തശേഷം, കപ്പലിൽനിന്ന് ഇറങ്ങുമ്പോൾ അല്ലാഹുവിനെ സ്തുതിക്കുവാനും, അല്ലാഹുവിന്റെ അനുഗ്രഹങ്ങൾക്ക് വേണ്ടി ദുആ ചെയ്യുവാനും അല്ലാഹു അദ്ദേഹത്തെ ഉപദേശിക്കുന്നതാണ് 28 ഉം 29 ഉം വചനങ്ങളിൽ കാണുന്നത്. കപ്പൽ ചെന്നണഞ്ഞത് ജൂദീമല (الجودى) യിലാണെന്ന് സൂ:ഹൂദ് 44 ൽ അല്ലാഹു പറഞ്ഞിട്ടുണ്ട്. ഇത് പേർഷ്യൻ ഇറാക്വിനും, തുർക്കിക്കും ഇടയിൽ അറാറാത്ത് പ്രദേശങ്ങളിലാകുന്നു *(*)* അവസാനമായി, ഈ ചരിത്രസംഭവത്തിൽ നിന്ന് പാഠം പഠിക്കുവാൻ 30-ാം വചനം നമ്മെ ഓർമപ്പെടുത്തുന്നു.

ثُمَّ أَنشَأْنَا مِنۢ بَعْدِهِمْ قَرْنًا ءَاخَرِينَ ﴿٣١﴾

﴾31﴿ പിന്നീട്, അവരുടെ ശേഷം, നാം വേറെ ഒരു തലമുറയെ ഉത്ഭവിപ്പിച്ചു :-

فَأَرْسَلْنَا فِيهِمْ رَسُولًا مِّنْهُمْ أَنِ ٱعْبُدُوا۟ ٱللَّهَ مَا لَكُم مِّنْ إِلَٰهٍ غَيْرُهُۥٓ ۖ أَفَلَا تَتَّقُونَ ﴿٣٢﴾

﴾32﴿ എന്നിട്ട്, അവരിൽ നിന്ന് തന്നെ ഒരു റസൂലിനെ അവരിൽ നാം അയച്ചു: നിങ്ങൾ അല്ലാഹുവിനെ (മാത്രം) ആരാധിക്കുവിൻ, നിങ്ങൾക്ക് അവനല്ലാതെ ഒരു ആരാധ്യനുമില്ല. അതിനാൽ, നിങ്ങൾ സൂക്ഷിക്കുന്നില്ലേ? എന്ന് (അദ്ദേഹം പറഞ്ഞു).

﴾31﴿ ثُمَّ أَنشَأْنَا പിന്നെ നാം ഉത്ഭവിപ്പിച്ചു, ഉണ്ടാക്കി مِنۢ بَعْدِهِمْ അവരുടെ ശേഷം قَرْنًا ഒരു തലമുറയെ, ഒരു കാലക്കാരെ (സമുദായത്തെ) آخَرِينَ വേറെ, വേറെ ആളുകളായ ﴾32﴿ فَأَرْسَلْنَا എന്നിട്ടു നാം അയച്ചു فِيهِمْ അവരിൽ رَسُولًا مِّنْهُمْ അവരിൽനിന്ന് തന്നെ ഒരു റസൂലിനെ, ദൂതനെ أَنِ اعْبُدُوا നിങ്ങൾ ആരാധിക്കുവിൻ എന്ന് اللَّهَ അല്ലാഹുവിനെ مَا لَكُم നിങ്ങൾക്കില്ല مِّنْ إِلَٰهٍ ഒരു ഇലാഹും, ആരാധ്യനും غَيْرُهُ അവനല്ലാതെ, അവനല്ലാത്ത أَفَلَا تَتَّقُونَ എന്നാൽ(അതിനാൽ)നിങ്ങൾ സൂക്ഷിക്കുന്നില്ലേ

നൂഹ് നബിയുടെ കാലത്തുണ്ടായ ജലപ്രളയം ലോകത്തെ മുഴുവൻ ബാധിച്ചിരുന്നുവോ? അദ്ദേഹത്തിന്റെ ജനതയല്ലാതെ വേറെ ജനത ഭൂമുഖത്തുണ്ടായിരുന്നുവോ? ഇതിനെപ്പറ്റി ഖണ്ഡിതമായ തീരുമാനമെടുക്കുവാൻ ലക്ഷ്യങ്ങളില്ല. നൂഹ് നബിയുടെ ജനത അധിവസിച്ചിരുന്നത് പ്രാചീന ഇറാക്വിലെ

(*) അറാറാത്ത് പ്രദേശം പടം 6-ൽ കാണാം, ഇപ്പോൾ നടത്തപ്പെട്ടു കൊണ്ടിരിക്കുന്ന ചില ഗവേഷണങ്ങളാൽ നൂഹ് നബിയുടെ കപ്പലിന്റെതാണെന്ന് കരുതപ്പെടുന്ന അവശിഷ്ടങ്ങൾ ഈയിടെ ലഭിക്കുകയുണ്ടായിട്ടുണ്ടെന്ന് ഇബ്റാഹീം നബിയുടെ ചരിത്ര സംക്ഷേപത്തിൽ നാം ചൂണ്ടിക്കാട്ടിയിരിക്കുന്നു.

ബാബിലോണ്യ*(*)* യിലായിരിക്കുമെന്നാണ് കരുതപ്പെടുന്നത്. ആകയാൽ ജലപ്രളയം അവിടെ മാത്രം ബാധിച്ചിരിക്കുവാനാണ് കൂടുതൽ ഹിതമുള്ളത്. ഖുർആന്റെ (37; 77; 10; 73 എന്നീ) പ്രസ്താവനകളിൽ നിന്ന് അദ്ദേഹത്തിന്റെ ഒന്നിച്ചു കപ്പലിൽ രക്ഷപ്പെട്ടവരിൽ നിന്നാണ് പിന്നീട് ജനസമുദായങ്ങൾ ഉണ്ടായിട്ടുള്ളതെന്ന് അനുമാനിക്കുവാനിടയുണ്ട്. ഇവിടെ 31-ാം വചനത്തിന്റെ സാരവും അതായിക്കൂടെന്നില്ല. അല്ലാഹുവിനറിയാം. ബാബിലോണ്യ പ്രദേശങ്ങളിലാണ് ആദ്യം ജനവാസമുണ്ടായിട്ടുള്ളതെന്ന് ചരിത്രകാരൻമാരിൽ ചിലർക്ക് അഭിപ്രായമുള്ളതും ഇവിടെ സ്മരണീയമാണ്. ഏതായാലും ഒരു സമുദായമെന്ന നിലക്ക് നൂഹ് നബിയുടെ മുമ്പ് ഒരു ജനത ഉണ്ടായിരുന്നതായി ഖുർആനിൽ നിന്ന് മനസ്സിലാവുന്നില്ല. പൂർവ്വ കാല നബിമാരുടെയും, സമുദായങ്ങളുടെയും ചരിത്രങ്ങൾ വിവരിക്കുമ്പോൾ അധികസ്ഥലത്തും, നൂഹ് (അ)ന്റെ ചരിത്രംകൊണ്ട് തുടങ്ങി ഈസാ(അ)യുടെ ചരിത്രം കൊണ്ടവസാനിക്കുക ഖുർആന്റെ പതിവാണ്. ഈ സൂറത്തിലും അങ്ങിനെയാണുള്ളത്.

قَرْن എന്ന വാക്കിനാണ് തലമുറ എന്ന് അർത്ഥം കൽപിച്ചത്. നൂറ്റാണ്ട്, ദീർഘകാലം എന്നും മറ്റും അതിന് അർത്ഥങ്ങളുണ്ട്. എങ്കിലും ഇങ്ങിനെയുള്ള സ്ഥലങ്ങളിൽ, ഒരു പ്രത്യേക സംസ്കാരവും സ്വഭാവവുമുള്ള സമുദായം എന്ന അർത്ഥത്തിലാണ് അത് ഉപയോഗിച്ചു കാണുന്നത്. നൂഹ് നബിയുടെ ശേഷം ഉൽഭവിച്ചതായി ഈ വചനത്തിൽ പ്രസ്താവിച്ച തലമുറ-അല്ലെങ്കിൽ സമുദായം-ഏതാണെന്ന് വ്യക്തമാക്കപ്പെട്ടിട്ടില്ല. സൂ: അഅ്റാഫ് 69-ൽ ആദ് ജനതയെ അഭിമുഖീകരിച്ചുകൊണ്ട് അവരുടെ പ്രവാചകനായ ഹൂദ് നബി (അ) ഇങ്ങിനെ പറയുന്നു : നിങ്ങളെ അല്ലാഹു, നൂഹിന്റെ ജനതക്ക് ശേഷം പിൻഗാമികളാക്കിയിട്ടുള്ളത് ഓർക്കുവിൻ (وَاذكُرُوا إِذْ جَعَلَكُمْ خُلَفَاء مِن بَعْدِ قَوْمِ نُوحٍ) അതുകൊണ്ട്, ഇവിടെയും ഉദ്ദേശിക്കപ്പെട്ടിരിക്കുന്നത് ആദ് സമുദായവും ഹൂദ് നബി (അ)യും ആണെന്ന് മനസ്സിലാക്കാം. ഇവരുടെ വാസസ്ഥലം യമൻ പ്രദേശങ്ങളിൽ *(**)* അഹ്ഖാഫ് (**الأحقاف**) എന്ന പേരിൽ അറിയപ്പെടുന്നു. പരലോക ജീവിതത്തിൽ വിശ്വാസമില്ലാത്തവരും ബഹുദൈവാരാധകൻമാരുമായിരുന്നു ആ ജനത. അവരും തങ്ങളുടെ പൂർവ്വികൻമാരുടെ നിലതന്നെ കൈകൊണ്ടു :-

വിഭാഗം - 3

وَقَالَ ٱلْمَلَأُ مِن قَوْمِهِ ٱلَّذِينَ كَفَرُوا۟ وَكَذَّبُوا۟ بِلِقَآءِ ٱلْءَاخِرَةِ وَأَتْرَفْنَـٰهُمْ فِى ٱلْحَيَوٰةِ ٱلدُّنْيَا مَا هَـٰذَآ إِلَّا بَشَرٌ مِّثْلُكُمْ يَأْكُلُ مِمَّا تَأْكُلُونَ مِنْهُ

﴾33﴿ അദ്ദേഹത്തിന്റെ ജനതയിൽ നിന്ന്, അവിശ്വസിക്കുകയും പരലോകത്തെ കാണുന്നതിനെ വ്യാജമാക്കുകയും ഐഹിക ജീവിതത്തിൽ നാം അവർക്ക് സൗഖ്യം നൽകുകയും ചെയ്തിട്ടുള്ളവരായ പ്രമുഖസംഘം (ഇപ്രകാരം) പറഞ്ഞു 'ഇവൻ നിങ്ങളെ പോലെയുള്ള ഒരു മനുഷ്യൻ എന്നല്ലാതെ (മറ്റൊന്നും തന്നെ) അല്ല; നിങ്ങൾതിന്നുന്നതിൽ നിന്നും അവൻ

(*) പടം 6 നോക്കുക (**) പടം 8 നോക്കുക

وَيَشۡرَبُ مِمَّا تَشۡرَبُونَ ﴿٣٣﴾

തിന്നുകയും നിങ്ങൾ കുടിക്കുന്നതിൽ നിന്ന് അവൻ കുടിക്കുകയും ചെയ്യുന്നു'.

وَلَئِنۡ أَطَعۡتُم بَشَرٗا مِّثۡلَكُمۡ إِنَّكُمۡ إِذٗا لَّخَٰسِرُونَ ﴿٣٤﴾

﴾34﴿ നിങ്ങളെപ്പോലെയുള്ള ഒരു മനുഷ്യനെ നിങ്ങൾ അനുസരിക്കുകയാണെങ്കിൽ, നിശ്ചയമായും അപ്പോൾ നിങ്ങൾ നഷ്ടക്കാർ തന്നെയാണ്.

أَيَعِدُكُمۡ أَنَّكُمۡ إِذَا مِتُّمۡ وَكُنتُمۡ تُرَابٗا وَعِظَٰمًا أَنَّكُم مُّخۡرَجُونَ ﴿٣٥﴾

﴾35﴿ നിങ്ങൾ മരിച്ചു മണ്ണും എല്ലുമായിത്തീർന്നാലും, നിങ്ങൾ (രണ്ടാമതും) പുറത്തു കൊണ്ടുവരപ്പെടുന്നവരാണെന്ന് അവൻ നിങ്ങളോട് താക്കീത് നൽകുന്നുവോ?!

۞ هَيۡهَاتَ هَيۡهَاتَ لِمَا تُوعَدُونَ ﴿٣٦﴾

﴾36﴿ നിങ്ങളോട് താക്കീത് നൽകപ്പെടുന്നകാര്യം വളരെ വിദൂരം, വിദൂരം!

إِنۡ هِيَ إِلَّا حَيَاتُنَا ٱلدُّنۡيَا نَمُوتُ وَنَحۡيَا وَمَا نَحۡنُ بِمَبۡعُوثِينَ ﴿٣٧﴾

﴾37﴿ അത് [ജീവിതമെന്നത്] നമ്മുടെ ഐഹിക ജീവിതമല്ലാതെ (ഒന്നും) ഇല്ല ; നാം മരിക്കുന്നു, ജീവിക്കുകയും ചെയ്യുന്നു - നാം ഉയർത്തെഴുന്നേൽപിക്കപ്പെടുന്നവരല്ല തന്നെ!

إِنۡ هُوَ إِلَّا رَجُلٌ ٱفۡتَرَىٰ عَلَى ٱللَّهِ كَذِبٗا وَمَا نَحۡنُ لَهُۥ بِمُؤۡمِنِينَ ﴿٣٨﴾

﴾38﴿ ഇവൻ അല്ലാഹുവിന്റെ മേൽ വ്യാജം കെട്ടിച്ചമക്കുന്ന ഒരു പുരുഷനല്ലാതെ (ഒന്നും)അല്ല;

നാം അവനെ വിശ്വസിക്കുന്നവരല്ല തന്നെ.

﴾33﴿ وَقَالَ ٱلۡمَلَأُ പ്രമുഖ സംഘം പറഞ്ഞു مِن قَوۡمِهِ അദ്ദേഹത്തിന്റെ ജനതയിൽ നിന്ന് ٱلَّذِينَ كَفَرُوا അവിശ്വസിച്ചവരായ وَكَذَّبُوا വ്യാജമാക്കുകയും ചെയ്ത بِلِقَاءِ ٱلۡأٓخِرَةِ പരലോകത്തെ കാണുന്നതിനെ وَأَتۡرَفۡنَٰهُمۡ നാം അവർക്ക് സൗഖ്യം നൽകുകയും ചെയതിട്ടുള്ള فِي ٱلۡحَيَوٰةِ ٱلدُّنۡيَا ഐഹിക ജീവിതത്തിൽ مَا هَٰذَا ഇവനല്ല إِلَّا بَشَرٌ ഒരു മനുഷ്യനല്ലാതെ مِّثۡلُكُمۡ നിങ്ങളെപ്പോലെയുള്ള يَأۡكُلُ അവൻ തിന്നുന്നു مِمَّا യാതൊന്നിൽ നിന്ന് تَأۡكُلُونَ നിങ്ങൾ തിന്നുന്നു مِنۡهُ അതിൽ നിന്ന്(അങ്ങിനെയുള്ളതിൽ നിന്ന്) وَيَشۡرَبُ അവൻ കുടിക്കുകയും ചെയ്യുന്നു مِمَّا تَشۡرَبُونَ നിങ്ങൾ കുടിക്കുന്നതിൽ

مِثْلَكُمْ നിന്ന് 《34》 وَلَئِنْ أَطَعْتُمْ നിങ്ങൾ അനുസരിച്ചുവെങ്കിൽ بَشَرًا ഒരു മനുഷ്യനെ
لَخَاسِرُونَ നിങ്ങളെപ്പോലെയുള്ള إِنَّكُمْ നിശ്ചയമായും നിങ്ങൾ إِذًا എന്നാൽ, അപ്പോൾ
أَنَّكُمْ നഷ്ടക്കാർ തന്നെ 《35》 أَيَعِدُكُمْ അവൻ നിങ്ങളോട് താക്കീത് ചെയ്യുന്നുവോ
നിങ്ങളാണെന്ന് إِذَا مِتُّمْ നിങ്ങൾ മരണപ്പെട്ടാൽ وَكُنتُمْ നിങ്ങൾ ആകുകയും (ചെയ്താൽ)
تُرَابًا മണ്ണ് وَعِظَامًا എല്ലുകളും أَنَّكُم مُّخْرَجُونَ നിശ്ചയമായും നിങ്ങൾ
هَيْهَاتَ പുറത്ത്കൊണ്ടുവരപ്പെടുന്നവരാണെന്ന് 《36》 هَيْهَاتَ വിദൂരം (അസംഭവ്യം)
വിദൂരം إِنْ هِيَ 《37》 لِمَا تُوعَدُونَ നിങ്ങളോട് താക്കീത് ചെയ്യപ്പെടുന്ന കാര്യം 《37》 അതല്ല
وَنَحْيَا നമ്മുടെ ജീവിതമല്ലാതെ الدُّنْيَا ഐഹികമായ نَمُوتُ നാം മരിക്കുന്നു إِلَّا حَيَاتُنَا
بِمَبْعُوثِينَ നാമല്ലതന്നെ وَمَا نَحْنُ ചെയ്യുന്നു ജീവിക്കയും നാം
ഉയിർത്തെഴുന്നേൽപിക്കപ്പെടുന്നവർ. 《38》 إِنْ هُوَ അവൻ അല്ല إِلَّا رَجُلٌ ഒരു പുരുഷൻ
അല്ലാതെ افْتَرَىٰ കെട്ടിച്ചമച്ച, കെട്ടിപ്പറയുന്ന عَلَى اللَّهِ അല്ലാഹുവിന്റെ മേൽ كَذِبًا കളവ്
وَمَا نَحْنُ നാം അല്ലതന്നെ لَهُ അവനെ بِمُؤْمِنِينَ വിശ്വസിക്കുന്നവർ

നാം ജനിച്ചുണ്ടാകുന്നു, കുറേ കഴിയുമ്പോൾ മരിക്കുകയും ചെയ്യുന്നു. മറ്റൊരു കൂട്ടർ വീണ്ടും ജനിക്കുന്നു. എന്നല്ലാതെ, മരിച്ച ശേഷം ജീവിക്കുക എന്ന പ്രശ്നമേയില്ല ; ഇവൻ എന്തൊക്കെയോ കെട്ടിപ്പറയുകയാണ്, അവനെ വിശ്വസിക്കാൻ നിവൃത്തിയില്ല. എന്നാണവർ പറയുന്നത്. ഇങ്ങിനെ, തന്റെ ജനത വിശ്വസിക്കുവാൻ ഭാവമില്ലെന്നും, നിഷേധത്തിലും അവിശ്വാസത്തിലും ഉറച്ചു നിൽക്കുവാൻ തന്നെ തീർച്ചയാക്കി യിരിക്കുകയാണെന്നും ഹൂദ് നബിക്ക് ബോധ്യമായി.

قَالَ رَبِّ ٱنصُرْنِى بِمَا كَذَّبُونِ ﴿٣٩﴾

《39》 അദ്ദേഹം പറഞ്ഞു: എന്റെ റബ്ബേ ! ഇവർ എന്നെ വ്യാജമാക്കി യിരിക്കുന്നത്കൊണ്ട് നീ എന്നെ സഹായിക്കേണമേ!

قَالَ عَمَّا قَلِيلٍ لَّيُصْبِحُنَّ نَـٰدِمِينَ ﴿٤٠﴾

《40》 അവൻ [അല്ലാഹു] പറഞ്ഞു: നിശ്ചയമായും അല്പകാലം കൊണ്ട് അവർ ഖേദിക്കുന്നവരായിത്തീരുന്നതാണ്.

فَأَخَذَتْهُمُ ٱلصَّيْحَةُ بِٱلْحَقِّ فَجَعَلْنَـٰهُمْ غُثَآءً ۚ فَبُعْدًا لِّلْقَوْمِ ٱلظَّـٰلِمِينَ ﴿٤١﴾

《41》 അങ്ങിനെ (നീതി) മുറയനുസരിച്ച് (ആ) കഠോര ശബ്ദം അവരെ പിടികൂടി; എന്നിട്ട് നാം അവരെ ചണ്ടിയാക്കി (നശിപ്പിച്ചു) കളഞ്ഞു. ആകയാൽ, അക്രമികളായ ജനതക്ക് (കാരുണ്യത്തിൽ നിന്നും) വിദൂരത:

﴾39﴿ قَالَ അദ്ദേഹം പറഞ്ഞു رَبِّ എന്റെ രക്ഷിതാവേ, റബ്ബേ انصُرْنِي നീ എന്നെ സഹായിക്കണേ بِمَا كَذَّبُونِ ഇവർ എന്നെ വ്യാജമാക്കിയതുകൊണ്ട് ﴾40﴿ قَالَ അവൻ പറഞ്ഞു عَمَّا قَلِيلٍ അൽപകാലം കൊണ്ട്, കുറഞ്ഞകാലത്തിൽ لَيُصْبِحُنَّ നിശ്ചയമായും അവർ ആയിത്തീരും نَادِمِينَ ഖേദിക്കുന്നവർ ﴾41﴿ فَأَخَذَتْهُمُ അങ്ങനെ അവരെ പിടികൂടി, പിടിപെട്ടു الصَّيْحَةُ കഠോരശബ്ദം, അട്ടഹാസം بِالْحَقِّ മുറപ്രകാരം, യഥാർത്ഥത്തിൽ فَجَعَلْنَاهُمْ അങ്ങിനെ നാം അവരെ ആക്കി غُثَاءً ചണ്ടി, ചവർ فَبُعْدًا അപ്പോൾ (ആകയാൽ)വിദൂരം, വിദൂരത لِّلْقَوْمِ ജനതക്ക് الظَّالِمِينَ അക്രമികളായ

കഠോരശബ്ദം, അട്ടഹാസം, പെട്ടെന്നുണ്ടാകുന്ന ഭയങ്കരനാശം എന്നിങ്ങിനെ അർത്ഥങ്ങളുള്ള പദമാണ് صيحة.ആദ് സമുദായത്തിന് ബാധിച്ച ശിക്ഷ എന്തായിരുന്നുവെന്ന് ഈ പദംകൊണ്ട് സ്പഷ്ടമാകുന്നില്ല. ജിബ്‌രീൽ(അ) വമ്പിച്ച ഒരു ശബ്ദമിട്ടത്മൂലമാണ് അവർ നശിപ്പിക്കപ്പെട്ടതെന്ന് പല മഹാൻമാരും പറഞ്ഞുകാണുന്നു. ഭൂകമ്പം പോലെയുള്ള ഒരു പൊട്ടിത്തെറിയായിരുന്നു അതെന്നും ചിലർ പ്രസ്താവിക്കുന്നുണ്ട്. അല്ലാഹുവിനറിയാം. 31 മുതൽ ഇതുവരെയുള്ള ആയത്തുകൾ സ്വാലിഹ് നബി (അ)യെയും അവരുടെ സമുദായമായ ഥമൂദിനെ(ثَمُود)യും കുറിച്ചാണെന്നും ചില വ്യാഖ്യാതാക്കൾ അഭിപ്രായപ്പെട്ടിരിക്കുന്നു. غثآءഎന്ന പദം, മലവെള്ളം ഒഴുകി വരുമ്പോൾ അതിലുണ്ടാകുന്ന ചണ്ടിചവറുകൾക്കാണ് സാക്ഷാൽ ഉപയോഗിക്കപ്പെടുന്നത്. എല്ലാവരും ചത്തൊടുങ്ങി ഛിന്നഭിന്നമായിപ്പോയി എന്ന് സാരം. بعداഎന്നാൽ ദൂരം, അകലം എന്നൊക്കെയാണ് വാക്കർത്ഥം. അല്ലാഹുവിന്റെ കാരുണ്യത്തിൽ നിന്ന് വളരെ അകലപ്പെട്ട് ശാപകോപങ്ങൾക്ക് പാത്രമായ ദൗർഭാഗ്യത്തെയാണത് കുറിക്കുന്നത്.

ثُمَّ أَنشَأْنَا مِنۢ بَعْدِهِمْ قُرُونًا ءَاخَرِينَ ﴿٤٢﴾

﴾42﴿ പിന്നീട്, അവരുടെ ശേഷമായി പല തലമുറകളെയും നാം ഉൽഭവിപ്പിച്ചു ; -

مَا تَسْبِقُ مِنْ أُمَّةٍ أَجَلَهَا وَمَا يَسْتَـْٔخِرُونَ ﴿٤٣﴾

﴾43﴿ ഒരു സമുദായവും തന്നെ, അതിന്റെ അവധിയെ മുൻകടക്കുന്നതല്ല (അവധിക്ക്) പിന്നിലായിപ്പോകുന്നതുമല്ല.

ثُمَّ أَرْسَلْنَا رُسُلَنَا تَتْرَا ۖ كُلَّ مَا جَآءَ أُمَّةً رَّسُولُهَا كَذَّبُوهُ ۚ

﴾44﴿ പിന്നീട്, നാം നമ്മുടെ ദൂതൻമാരെ [റസൂലുകളെ] തുടരെത്തുടരെ അയച്ചുകൊണ്ടിരുന്നു; ഓരോ സമുദായത്തിനും, അതിന്റെ ദൂതൻ വരുമ്പോഴെല്ലാം അവർ, അദ്ദേഹത്തെ വ്യാജമാക്കുകയാണ് ചെയ്തത്. അങ്ങനെ, അവരിൽ

فَأَتْبَعْنَا بَعْضَهُم بَعْضًا وَجَعَلْنَٰهُمْ أَحَادِيثَۚ فَبُعْدًا لِّقَوْمٍ لَّا يُؤْمِنُونَ ﴿٤٤﴾

ചിലരെ ചിലരോട് നാം അനുഗമിപ്പിച്ചു. [ഒന്നിനുശേഷം ഒന്നായി നശിപ്പിച്ചു.] അവരെ (മുഴുവനും) നാം കഥാവിഷയങ്ങളാക്കുകയും ചെയ്തു. അപ്പോൾ, വിശ്വസിക്കാതിരിക്കുന്ന ജനങ്ങൾക്ക് (കാരുണ്യത്തിൽനിന്നും) വിദൂരത !

﴾42﴿ ثُمَّ أَنشَأْنَا പിന്നെ നാം ഉത്ഭവിപ്പിച്ചു مِنۢ بَعْدِهِمْ അവരുടെ ശേഷമായി قُرُونًا തലമുറകളെ ءَاخَرِينَ വേറെ ആളുകളായ ﴾43﴿ مَا تَسْبِقُ മുൻകടക്കുന്നില്ല, മുൻകടന്നിരുന്നില്ല مِنْ أُمَّةٍ ഒരു സമുദായവും തന്നെ أَجَلَهَا അതിന്റെ അവധി وَمَا يَسْتَـْٔخِرُونَ പിന്നിലായിപ്പോകുന്നുമില്ല ﴾44﴿ ثُمَّ أَرْسَلْنَا പിന്നെ നാം അയച്ചു رُسُلَنَا നമ്മുടെ റസൂലുകളെ تَتْرَا തുടർച്ചയായി, തുടരെത്തുടരെ كُلَّ مَا جَآءَ വരുമ്പോഴെല്ലാം أُمَّةً ഒരു സമുദായത്തിന് رَسُولُهَا അതിന്റെ റസൂൽ كَذَّبُوهُ അവർ അദ്ദേഹത്തെ വ്യാജമാക്കി فَأَتْبَعْنَا അങ്ങനെ നാം അനുഗമിപ്പിച്ചു, തുടർത്തിവിട്ടു بَعْضَهُم അവരിൽ ചിലരെ بَعْضًا ചിലരോട് وَجَعَلْنَٰهُمْ അവരെ നാം ആക്കുകയും ചെയ്തു أَحَادِيثَ വർത്തമാനങ്ങൾ, കഥാവിഷയങ്ങൾ فَبُعْدًا അപ്പോൾ വിദൂരത لِّقَوْمٍ ഒരു ജനതക്ക് لَا يُؤْمِنُونَ വിശ്വസിക്കാത്ത.

നൂഹ് നബി (അ)യുടെ ശേഷമുണ്ടായ ഒരു തലമുറയെപ്പറ്റിയാണ് 31-ാം വചനത്തിൽ പറഞ്ഞിരിക്കുന്നത്. പിന്നീടും പലതലമുറകൾ ഉയർന്നു വരികയും, അവരിലെല്ലാം അല്ലാഹു റസൂലുകളെ അയച്ചുകൊണ്ടിരിക്കയും ചെയ്തിട്ടുണ്ടെന്നും, റസൂലുകളെ കളവാക്കിയവർക്ക് അല്ലാഹുവിൽ നിന്ന് ശിക്ഷകൾ ബാധിച്ചുവെന്നും മൊത്തത്തിൽ പ്രസ്താവിക്കുകയാണ് ഈ ആയത്തുകൾ. നൂഹ് (അ) ന്റെ ജനതയെയും, ആദ്-ഥമൂദ് വർഗങ്ങളെയും കുറിച്ച് പ്രസ്താവിച്ച ശേഷം സൂ: ഇബ്റാഹീം 9-ൽ ഇപ്രകാരം പറയുന്നു: وَالَّذِينَ مِنۢ بَعْدِهِمْ لَا يَعْلَمُهُمْ إِلَّا اللَّهُ (അവർക്ക് ശേഷമുള്ളവരും-അവരെക്കുറിച്ച് അല്ലാഹു അല്ലാതെ അറിയുകയില്ല) അപ്പോൾ, നമുക്ക് വിവരം ലഭിച്ചിട്ടില്ലാത്ത എത്രയോ തലമുറകൾ അതിന് ശേഷം കഴിഞ്ഞുപോയിട്ടുണ്ടെന്ന് അനുമാനിക്കാമല്ലോ. അടുത്ത ആയത്തിൽ മൂസാ നബി(അ)യെയും ജനതയെയും വിവരിക്കുന്നുമുണ്ട്. ആകയാൽ ആദ്-ഥമൂദിനും, മൂസാ നബി(അ)യുടെ ജനതക്കും ഇടയിൽ കഴിഞ്ഞുപോയിട്ടുള്ള അനവധി സമുദായങ്ങളെ സംബന്ധിച്ച ഒരു സൂചനയാണ് 42-ാം വചനത്തിലുള്ളത്. ആ സമുദായങ്ങളുടെ ചരിത്രത്തിന്റെ ആകെ സാരം തുടർന്നുള്ള വചനങ്ങളിൽ അല്ലാഹു എടുത്തു കാണിച്ചിരിക്കുന്നു. അവർ അവന്റെ ദൗത്യത്തെയും അവന്റെ ദൂതൻമാരെയും കളവാക്കി നിഷേധിച്ചു ; അതുനിമിത്തം അല്ലാഹുവിന്റെ ശാപകോപത്തിനും ശിക്ഷക്കും അവർ പാത്രമായിത്തീർന്നു, ഇതാണത്.

ഈ സമുദായങ്ങളുടെയെല്ലാം തന്നെ, നിഷേധത്തിൽ രണ്ട് വാദഗതികൾ അടങ്ങിയിട്ടുള്ളത് കാണാം: (1) നമ്മെപ്പോലെയുള്ള ഒരു മനുഷ്യൻ ദൈവദൂതനാകുന്നതെങ്ങിനെ? (2) മരണാന്തരം വീണ്ടും ജീവിപ്പിക്കപ്പെടുമെന്ന് പറയുന്നത് സംഭവ്യമാണോ? എന്നാൽ, ലോകസ്രഷ്ടാവിന്റെ ആസ്തികൃത്തിൽ

അവരാരും നിഷേധം പുറപ്പെടുവിച്ചതായി കാണുന്നില്ല. അതേ സമയത്ത് ആരാധന പലർക്കും ചെയ്യുകയും ചെയ്യും. പരസ്പര വിരുദ്ധമായ ഈ നിലപാട് അവർ സ്വീകരിച്ചത് കാര്യം മനസ്സിലാകാതെയല്ല-ഗർവ്വും, ധിക്കാരവും മൂലമായിരുന്നു-എന്ന് ഖുർആൻ പലപ്പോഴും എടുത്തു പറഞ്ഞിട്ടുള്ളതാണ്. ധിക്കാരം അതിര് കവിയുമ്പോൾ, ഓരോ സമുദായവും അതതിന് നിശ്ചയിക്കപ്പെട്ട കൃത്യസമയത്ത് തന്നെ, ഓരോതരം ശിക്ഷയിൽ അകപ്പെട്ടു നാമാവശേഷമായിപ്പോകുന്നു. അങ്ങനെ, അവരുടെ പഴങ്കഥകൾ മാത്രം അവശേഷിക്കുകയും ചെയ്യുന്നു.